കോട്ടയം ജില്ലയിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി

87 (2365) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ കുമരകം, തിരുവാർപ്പ് പഞ്ചായത്തുകളിൽ ശുദ്ധജലക്ഷാമം ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാം ;

(സി) ഇതുസംബന്ധമായി എൽ.ഐ.സി. സഹായത്തോടെ നടത്തുന്ന പരിപാടികൾ എന്തെല്ലാം ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) എൽ.ഐ.സി. ധനസഹായത്തോടുകൂടി 1907 ലക്ഷം രൂപ ചെലവിൽ പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ പണികൾ നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ നടത്തിവരുന്നു. റാ വാട്ടർ പമ്പിംഗ്മെയിൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ശുദ്ധീകരണശാല, ഉന്നതതലസംഭരണി, ഭൂതല സംഭരണി, വിതരണശൃംഖല എന്നിവയുടെ പണികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ചെന്നീർക്കര-മെഴുവേലി പദ്ധതി

88 (2366) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെന്നീർക്കര-മെഴുവേലി ശുദ്ധജല വിതരണ പദ്ധതി എന്നാണ് നിർമ്മാണം ആരംഭിച്ചത് ;

(ബി) ഇതിന്റെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ;

(സി) ഇത് സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 22-4-1996-ൽ.

(ബി) പമ്പാനദിയിലുള്ള ഇൻഫിൽട്രേഷൻ ഗ്യാലറിയുടെ പണി പൂർത്തിയായിട്ടുണ്ട്. 5.3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലസംഭരണിയുടെയും സമ്പ്, പമ്പ്ഹൗസ് എന്നിവയുടേയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. കല്ലുംമൂരുപ്പിൽ 5.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലജല സംഭരണിയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചു. നല്ലാനിക്കുന്ന് സമ്പിൽ നിന്നും കല്ലുംമൂരുപോലുള്ള ഭൂതല ജലസംഭരണിയിലേക്കും ചെന്നീർക്കര ഇൻടേക്കിൽ നിന്നും നല്ലാനിക്കുന്ന് സമ്പിലേക്കുമുള്ള പൈപ്പ്ലൈനുകളും വിവിധ ഭാഗങ്ങളിൽ ഗ്രാവിറ്റിമെയിൻ പൈപ്പ് ലൈനുകളും സ്ഥാപിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly